**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 307** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഏറ്റവും പിന്നാക്ക വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള "അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി" പ്രവർത്തനങ്ങൾ തുടരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെട്ട അതി ദരിദ്രകുടുംബങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കിയ മൈക്രോപ്ലാൻ പ്രകാരമുള്ള സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ അതിദാരിദ്ര്യ മുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം, പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തൽ, അതിദാരിദ്ര മുക്തരാക്കുന്നതിനുള്ള ഇടപെടൽ, അതിദരിദ്രർക്ക് തൊട്ട് മുകളിലുള്ള വിഭാഗക്കാർ അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിക്കാനുള്ള സമഗ്രസുരക്ഷാ വലയം ഒരുക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ 12.03.2026 തീയതിയിലെ സ.ഉ.(കൈ) 88/2026/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി തുടരുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**